ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:27.05.2026**

## പ്രധാനവാർത്തകൾ

1. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ നിയമസാധുത ശരിവച്ച് സുപ്രീം കോടതി. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകളുടെ ഭരണഘടനാപരമായ അനിവാര്യതയാണ് SIR ഉയർത്തിപ്പിടിക്കുന്നതെന്ന് സുപ്രീം കോടതി
2. മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് ആഭ്യന്തര മന്ത്രി അമിത് ഷായുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.
3. CMRL കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻറെ വസതി ഉൾപ്പെടെ 12 കേന്ദ്രങ്ങളിൽ ED റെയ്ഡ് പുരോഗമിക്കുന്നു 4. മൂല്യനിർണ്ണയത്തിനായി ഉപയോഗിക്കുന്ന ഓൺ സ്ക്രീൻ മാർക്കിംഗ് സംവിധാനത്തിൽ പിഴവുകൾ സംഭവിച്ചിട്ടില്ലെന്ന് CBSE.
4. സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ ഇന്ന് കടലാക്രമണത്തിന് സാധ്യതയെന്ന് ദേശീയ സമുദ്രപഠന ഗവേഷണ കേന്ദ്രം; കേരള-തമിഴ്നാട് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്

RNUTVPM

5. ഐപിഎൽ എലിമിനേറ്ററിൽ സൺറൈസേഴ്സ് ഹൈദരാബാദ് ഇന്ന് രാജസ്ഥാൻ റോയൽസിനെ നേരിടും.

❀❀❀❀❀❀❀❀❀❀❀❀❀

**തീവ്ര വോട്ടർപ്പട്ടിക**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ നിയമസാധുത സുപ്രീം കോടതി ശരിവച്ചു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടിക്രമങ്ങൾ 1950-ലെ ജനപ്രാതിനിധ്യ നിയമത്തിനും 1960-ലെ വോട്ടർ രജിസ്ട്രേഷൻ ചട്ടങ്ങൾക്കും വിരുദ്ധമാണെന്ന വാദം കോടതി തള്ളി. ബിഹാറിൽ SIR നടത്തുന്നതിനായി കഴിഞ്ഞ വർഷം ജൂണിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച വിജ്ഞാപനത്തെ ചോദ്യം ചെയ്ത് നൽകിയ ഹർജികളിലാണ് വിധി. ചീഫ് ജസ്റ്റിസ് സൂര്യകാന്തും ജസ്റ്റിസ് ജോയ്മല്യ ബാഗ്ചിയും ഉൾപ്പെട്ട ബെഞ്ചാണ് വിധി പ്രസ്താവിച്ചത്. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകളുടെ ഭരണഘടനാപരമായ അനിവാര്യതയാണ് SIR ഉയർത്തിപ്പിടിക്കുന്നതെന്ന് സ്പ്രേയിം കോടതി നിരീക്ഷിച്ചു.

RNU TVPM

❀❀❀❀❀❀❀❀❀❀❀❀❀

**മുഖ്യമന്ത്രി-അമിത് ഷാ**

മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് ആഭ്യന്തര മന്ത്രി അമിത് ഷായുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. ഇന്നലെ മുഖ്യമന്ത്രി പ്രധാനമന്ത്രി നരേന്ദ്ര

മോദിയുമായും ധനമന്ത്രി നിർമലാ സീതാരാമനുമായും കൂടിക്കാഴ്ച നടത്തിയിരുന്നു. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പ്രധാനമന്ത്രിയെയും ധനമന്ത്രിയെയും ധരിപ്പിച്ച് മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ വികസനത്തിന് കേന്ദ്ര സഹകരണം തേടി. ദേശീയപാതാ വികസനത്തിനായി ഭൂമിയേറ്റെടുക്കുന്നതിന് നൽകിയ തുക കടമെടുപ്പു പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യവും ഉന്നയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## നയപ്രഖ്യാപന പ്രസംഗം

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം മറ്റന്നാൾ നടക്കും. ജൂൺ ഒന്നു മുതൽ മൂന്നുവരെ ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന് മേലുള്ള ചർച്ചയും ഉണ്ടാകും.

RIJUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഇ ഡി റെയ്ഡ്

മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ പിണറായിയിലെ വീട്ടിൽ ഉൾപ്പെടെ 12 കേന്ദ്രങ്ങളിൽ ഇ ഡി റെയ്ഡ്. സിഎംആർഎൽ-എക്സാലോജിക് സാമ്പത്തിക ഇടപാട് കേസിൽ ആണ് റെയ്ഡ്. തിരുവനന്തപുരം ബേക്കറി ജങ്ഷനിലെ വാടക വീട്ടിലും സിഎംആർഎൽ ഓഫീസിലും

അടക്കമാണ് ഇ ഡി ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നത്. കേസിൽ ഇ ഡി അന്വേഷണം തുടരാമെന്ന ഹൈക്കോടതി ഉത്തരവിന് പിന്നാലെയാണ് നടപടി. മുൻ മന്ത്രിയും ബേപ്പൂർ എം എൽ എ യുമായ പി.എ മുഹമ്മദ് റിയാസിന്റെ വീട്ടിലും ED പരിശോധന നടക്കുകയാണ്. ഇ ഡി റെയ്ഡിൽ സിപിഐ എം പ്രതിഷേധിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**റെയ്ഡ് - പ്രതികരണം (ഇൻട്രോ)**

പ്രതിപക്ഷ നേതാവ് പിണറായി വിജയൻറെ വീട്ടിലുൾപ്പെടെയുള്ള ഈ ഡി റെയ്ഡുമായി ബന്ധപ്പെട്ട ഒരു വിവരവും കേരളത്തിലെ പോലീസിനോ ആഭ്യന്തര വകുപ്പിനോ ലഭിച്ചിട്ടില്ലെന്നും, ഈ ഡി പോലീസ് സഹായം തേടിയിട്ടില്ലെന്നും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല മാധ്യമങ്ങളോട് പറഞ്ഞു.
***(ഹോൾഡ് - ചെന്നിത്തല)***

അതേസമയം ഈ ഡി റെയ്ഡ് സിപിഐഎമ്മിനെയും ഇടതുപക്ഷത്തെയും തകർക്കാൻ ഉള്ള ഗൂഢാലോചന യുടെ ഭാഗമാണെന്നും ഇത് സമൂഹം തിരിച്ചറിയുമെന്നും സി.പി.ഐ.എം നേതാക്കൾ പ്രതികരിച്ചു. റെയ്ഡിന് പിന്നിൽ രാഷ്ട്രീയ ഗൂഢലക്ഷ്യമെന്ന് സി പി എം ദേശീയ ജനറൽ സെക്രട്ടറി എം എ ബേബി പറഞ്ഞു.
***(ഹോൾഡ് - ബേബി)***

❋❋❋❋❋❋❋❋❋❋❋❋❋

RNU TVPM

## സിബിഎസ്ഇ

ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിനായി ഉപയോഗിക്കുന്ന ഓൺ സ്ക്രീൻ മാർക്കിംഗ് സംവിധാനത്തിൽ പിഴവുകൾ സംഭവിച്ചിട്ടില്ലെന്ന് CBSE. പോർട്ടലിലെ സുരക്ഷാ സംവിധാനങ്ങൾ സുതാര്യവും കാര്യക്ഷമവുമാണെന്നും ബോർഡ് അറിയിച്ചു. യഥാർത്ഥ മൂല്യനിർണ്ണയ പ്രവർത്തനങ്ങൾക്കായി വിന്യസിച്ചിരിക്കുന്ന പോർട്ടലിൽ സുരക്ഷാ ലംഘനങ്ങളൊന്നും കണ്ടെത്തിയിട്ടില്ലെന്ന് സിബിഎസ്ഇ വ്യക്തമാക്കി.

## സി ബി ഐ - നീറ്റ്

നീറ്റ്-യുജി 2026 ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് സിബിഐ രണ്ടുപേരെക്കൂടി അറസ്റ്റ് ചെയ്തു. ഇതോടെ കേസിലെ ആകെ അറസ്റ്റിലായവരുടെ എണ്ണം 13 ആയി. ലാത്തൂരിലെ ഡോ. മനോജ് ഷിരൂരെ, പൂനെയിലെ അഭാങ് പ്രഭു മെഡിക്കൽ അക്കാദമിയിലെ ഫിസിക്സ് അധ്യാപകൻ തേജസ് ഹർഷദ് കുമാർ ഷാ എന്നിവരാണ് പുതിയതായി അറസ്റ്റിലായത്.

## പിഐബി (ഫാക്ട്ചെക്ക്)

RNUTVPM

ഇ-ചലാൻ " നോട്ടീസുകൾ എന്ന് അവകാശപ്പെടുന്ന വ്യാജ വാട്ട്സ്ആപ്പ് സന്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടതായി PIB-FactCheck വിഭാഗം അറിയിച്ചു. വ്യാജ പേയ്മെന്റ് ലിങ്കുകളിലൂടെ വാഹനങ്ങൾ ഗതാഗത നിയമലംഘനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ട്രാഫിക് ചലാൻ തീർപ്പുകൽപ്പിച്ചിട്ടില്ലെന്നും അവകാശപ്പെടുന്ന സന്ദേശം വ്യാജമാണെന്നും അത്തരം അജ്ഞാതമോ സംശയാസ്പദമോ ആയ ലിങ്കുകളിൽ ക്ലിക്ക് ചെയ്യരുതെന്നും സർക്കാർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**മൻ കീ ബാത്ത്**

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 31-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടേയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ ഈ മാസം 29 വരെ സമർപ്പിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

**നെഹ്റു ചരമവാർഷികം**

സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 62-ാം ചരമവാർഷികം ഇന്ന്.

RNUTVPM

1964 മെയ് 27-നാണ് പണ്ഡിറ്റ് നെഹ്റു അന്തരിച്ചത്. പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക് സഭാ സ്പീക്കർ ഓം ബിർള തുടങ്ങിയവർ പണ്ഡിറ്റ് നെഹ്റുവിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഡൽഹിയിലെ ശാന്തിവനിലെത്തി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെ, ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി എന്നിവർ അദ്ദേഹത്തിന്റെ സ്മൃതിമണ്ഡലത്തിൽ പുഷ്പാർച്ചന നടത്തി.

**ബക്രീദ് (ഇൻട്രോ)**

സ്നേഹത്തിന്റെയും സാഹോദര്യത്തിൻ്റെയും ഓർമ്മകളുമായി ഇസ്ലാം മത വിശ്വാസികൾ നാളെ ബലിപെരുന്നാൾ ആഘോഷിക്കും. ത്യാഗസ്മരണകളുമായാണ് ബലിപെരുന്നാൾ ആഘോഷിക്കുന്നത്. പ്രവാചകനായ ഇബ്രാഹിം നബി ആദ്യ പുത്രനെ അല്ലാഹുവിൻ്റെ കൽപന മാനിച്ച് ബലിയർപ്പിക്കാൻ ശ്രമിച്ചതിന്റെ ഓർമ്മപുതുക്കലാണ് വലിയ പെരുന്നാൾ.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു.......***

***(വോയിസ്)***

**ഹജ്ജ്**

RNU TVPM

ഗൾഫിൽ ഇന്ന് ബലിപെരുന്നാൾ. ഹജ്ജ് കർമത്തിൻ്റെ മൂന്നാംദിനമായ ഇന്ന് ഹാജിമാർ മിനായിൽ സാത്താൻ്റെ പ്രതീകമായ ജംറകൾക്ക് നേരെ യുള്ള ആദ്യ കല്ലേറ് കർമം നിർവഹിച്ചു. ഏറ്റവും വലിയ ജംറയായ ജംറത്തുൽ അക്ബയിലാണ് ആദ്യ കല്ലേറ് കർമം. ബലിയർപ്പണം നടത്തിയ ശേഷം മക്കയിലെത്തി കഅബ പ്രദക്ഷിണവും മുടിമുറിക്കലും നിർവഹിച്ചശേഷം ഇഹ്റാം വേഷം മാറി തീർഥാടകർ പുതുവസ്ത്രം അണിയും.

**എബോള (ഇൻട്രോ)**

രാജ്യത്ത് ഇതുവരെ എബോള കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും, ആശങ്കപ്പെടേണ്ടതില്ലെന്നും കേന്ദ്ര സർക്കാർ. ആഫ്രിക്കൻ രാജ്യങ്ങളിൽ എബോള വൈറസ് ബാധ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ ഇക്കാര്യം വ്യക്തമാക്കിയത്. സ്ഥിതിഗതികൾ ആരോഗ്യമന്ത്രാലയം അതീവ ജാഗ്രതയോടെ നിരീക്ഷിച്ചുവരികയാണ്.

***ഒരു റിപ്പോർട്ട്.......***

***(വോയ്സ്)***

**എബോള (വോയിസ്)**

PNUTVPM

ബെംഗളൂരുവിലെ എപ്പിഡെമിക് ഡിസീസസ് ആശുപത്രിയിൽ എബോള സംശയത്തെ തുടർന്ന് നിരീക്ഷണത്തിലായിരുന്ന ഒരാളുടെ പരിശോധനാഫലം നെഗറ്റീവായതായി അധികൃതർ അറിയിച്ചു. യുഗാണ്ടയിൽനിന്ന് തിരിച്ചെത്തിയ വ്യക്തിക്ക് ശരീരവേദന അനുഭവപ്പെട്ടതിനെത്തുടർന്നാണ് മുൻകരുതൽ നടപടിയായി ഇദ്ദേഹത്തെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിക്കുകയും സാമ്പിളുകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലേക്ക് അയക്കുകയും ചെയ്തത്. ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആവശ്യമായ എല്ലാ പൊതുജനാരോഗ്യ നടപടികളും സംസ്ഥാന സർക്കാരുകളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നുണ്ടെന്നും, രാജ്യത്ത് കർശനമായ പരിശോധനയും നിരീക്ഷണവും തുടരുന്നുണ്ടെന്നും ആരോഗ്യമന്ത്രാലയം അറിയിച്ചു. രാജ്യം എബോളയെ നേരിടാൻ പൂർണ്ണ സജ്ജമാണെന്നും മന്ത്രാലയം വ്യക്തമാക്കി. അതേസമയം ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും വ്യാജ വാർത്തകൾ പ്രചരിപ്പിക്കരുതെന്നും കൃത്യമായ വിവരങ്ങൾക്കായി ഔദ്യോഗിക സ്രോതസ്സുകളെ മാത്രം ആശ്രയിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി....

RNU TVPM

## കാലാവസ്ഥ

കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷം ഒന്നോ രണ്ടോ ദിവസം കൂടി വൈകാൻ സാധ്യത. അതേസമയം കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ പലയിടത്തും ഇന്ന് കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിത പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. തമിഴ്നാട്, കന്യാകുമാരി, ശ്രീലങ്കൻ തീരങ്ങളിലും ഗൾഫ് ഓഫ് മാന്നാർ, ബംഗാൾ ഉൾക്കടൽ മേഖലകളിലും ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNU TVPM

## ഐപിഎൽ

ഐപിഎൽ എലിമിനേറ്ററിൽ സൺറൈസേഴ്സ് ഹൈദരാബാദ് ഇന്ന് രാജസ്ഥാൻ റോയൽസിനെ നേരിടും. ന്യൂ ചണ്ഡിഗഢിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം. ജയിക്കുന്നവർ രണ്ടാം ക്വാളിഫയറിൽ ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഐപിഎൽ ഒന്നാം ക്വാളിഫയറിൽ ഗുജറാത്ത് ടൈറ്റൻസിനെ 92 റൺസിന് പരാജയപ്പെടുത്തി റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ഫൈനലിൽ പ്രവേശിച്ചിരുന്നു.

## പി സി വിഷ്ണുനാഥ്

വിനോദസഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി മുഖ്യ വിനോദസഞ്ചാര കേന്ദ്രമാക്കി കൊല്ലത്തെ മാറ്റാനുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നതെന്ന് ടൂറിസം മന്ത്രി പി സി വിഷ്ണുനാഥ്. കൊല്ലത്തു ദൂരദർശൻ വാർത്തകൾക്ക് നൽകിയ പ്രത്യേക അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

RNU TVPM